	പദ്ധതിയുടെ പേര്	ഉൽപ്പാദനശേഷി	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)
1.	പേപ്പാറ	1 X 3 മെ.വാ	618.64
2.	മാട്ടുപ്പെട്ടി	1 X 2 മെ.വാ	445.29
3.	ലോവർ പെരിയാർ	3 X 60 മെ.വാ	35093.53
4.	പെരിങ്ങൽകുത്ത് ലെഫറ്റ് ബാങ്ക്	1 X 16 മെ.വാ	4264.37
5.	കക്കാട്	2 X 25 മെ.വാ	15129.23

(സി) ആതിരപ്പിള്ളി പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ചെങ്കുളം ആഗ്മന്റേഷൻ പദ്ധതിക്ക് ഒന്നാംഘട്ട അനുമതി ലഭിച്ചിട്ടുണ്ട്. അന്തിമാനുമതി ലഭിക്കാനുണ്ട്. കുര്യാർകുട്ടി - കാരപ്പാറ, കുറ്റ്യാടി അഡിഷണൽ എക്സ്റ്റൻഷൻ, പൂയംകുട്ടി സ്റ്റേജ്-1 എന്നീ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിക്കാനുണ്ട്.

(ഡി) ഈ പദ്ധതികളുടെ ഉൽപ്പാദനശേഷി ചുവടെ ചേർക്കുന്നു.

1. ആതിരപ്പിള്ളി (163 മെ.വാ/303 മി.യു)
2. ചെങ്കുളം ആഗ്മന്റേഷൻ (84 മി.യു)
3. കുര്യാർകുറ്റി-കാരപ്പാറ (84 മെ.വാ/198 മി.യു)
4. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (2 X50 മെ.വാ/204 മി.യു)
5. പൂയംകുട്ടി സ്റ്റേജ്-1 (240 മെ.വാ/645 മി.യു)

ആതിരപ്പിള്ളി പദ്ധതി 2004-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. മറ്റുള്ള പദ്ധതികൾ കേന്ദ്രാനുമതി ലഭിച്ചതിനുശേഷം മാത്രമേ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

താരിഫ് റെഗുലേറ്ററി കമ്മീഷൻ

72(975) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പ്രകാശ് ബാബു :
ശ്രീ. സത്യൻ മൊകേരി :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള താരിഫ് റെഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് രൂപീകരിച്ചു ;

(ബി) ഈ കമ്മീഷൻ രൂപീകരിക്കുന്നതിന്റെ ഫലമായി എത്ര വിദേശസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ട് ; അവ എവിടെ നിന്നെല്ലാം ;

(സി) ബോർഡ് പുന:സംഘടനയുടെ ഭാഗമായി എത്ര കർമ്മസമിതികൾ രൂപീകരിച്ചിട്ടുണ്ട് ; അവ ഏതെല്ലാം ?

ഉത്തരം

(എ&ബി) റെഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചിട്ടില്ല. എന്നാൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. റെഗുലേറ്ററി കമ്മീഷൻ രൂപീകരിക്കുന്നത് താരിഫ് ശാസ്ത്രീയമായി നിശ്ചയിക്കുന്നതിനാണ്.

(സി) നാല് കർമ്മ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. അവ

1. ജനറേഷൻ
2. ട്രാൻസ്മിഷൻ
3. ഡിസ്ട്രിബ്യൂഷൻ
4. കോർപ്പറേറ്റ് എന്നിവയാണ്.

വൈദ്യുതിയുടെ വില നിർണ്ണയിക്കുന്നതിനുള്ള താരിഫ് റഗുലേറ്ററി കമ്മീഷൻ

73(976) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ വില നിർണ്ണയിക്കുന്നതിനുള്ള താരിഫ് റഗുലേറ്ററി കമ്മീഷനെ നിയമിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കമ്മീഷനെ നിയമിക്കണമെന്ന് സംസ്ഥാന വൈദ്യുതി ബോർഡ് സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) അതിൻമേൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) കായംകുളം തെർമൽ സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ വില നിശ്ചയിക്കുന്നതിനായി കേന്ദ്രഗവൺമെന്റ് ഒരു താരിഫ് റഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly